ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ മിച്ച/കരുതൽ ഫണ്ടുകൾ സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ നിർദ്ദേശം പാലിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കണമെന്ന കാര്യം സർക്കാർ അപ്പപ്പോൾ തീരുമാനിക്കുന്നതാണ്.

(സി) മിച്ച / കരുതൽ ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കാര്യത്തിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഷെഡ്യൂൾഡ് ബാങ്കുകളിലും വാണിജ്യ ബാങ്കുകളിലും അക്കൗണ്ട് തുടങ്ങി പണമിടപാടുകൾ നടത്താൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമില്ല.

(ഡി) കമ്പനികൾക്ക് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങി ഇടപാട് നടത്തുന്നതിനായി സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമില്ല. എന്നാൽ അവയുടെ മിച്ച/കരുതൽ ഫണ്ടുകൾ ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിർദ്ദേശം പാലിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ശിക്ഷണ നടപടി സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടില്ല.

5 (968) സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്കരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് എത്ര കോടി രൂപയുടെ ബാദ്ധ്യത ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കൂടുതൽ നിർദ്ദേശങ്ങൾ നൽകാൻ രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ ശുപാർശകൾ എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണത്തിന് 904 കോടി രൂപയുടെ വാർഷിക അധിക ബാദ്ധ്യതയുണ്ടാകും.

(ബി) എംപവേർഡ് കമ്മിറ്റി കുറെ ശുപാർശകൾ നൽകി. അതിൻമേൽ സർക്കാർ തീരുമാനവുമെടുത്തു.

6 (969) ബഡ്ജറ്റിലെ റവന്യൂ കമ്മി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-93, 1993-94, 1994-95, 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ വിഭാവന ചെയ്ത റവന്യൂ കമ്മിയും യഥാർത്ഥ റവന്യൂ കമ്മിയും എത്ര വീതമായിരുന്നു;

(ബി) 1999-2000 ലെ റവന്യൂ കമ്മി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly